(സി) പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തും ബാങ്കിന്റെ ഉത്തമ താൽപര്യം കണക്കിലെടുത്തും സംഘം ഭരണ സമിതിയുടെ അപേക്ഷ പ്രകാരം മേൽ നിബന്ധനകളിൽ നിന്നും വീണ്ടും ഇളവ് നൽകുന്നതിന് സർക്കാരിന്റെ 22-3-1989-ലെ ജി.ഒ.(എം.എസ്.) 16/89/സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ട്.

ടി 131-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിലെ തിരിമറി

145 [599] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി 131-ാം നമ്പർ തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്കിലെ കരമന എൻ.എസ്.എസ്. കരയോഗത്തിന്റെ എസ്.ബി. 10941-ാം നമ്പർ അക്കൗണ്ടിൽ തിരിമറി നടത്തിയതു ചൂണ്ടിക്കാട്ടി ആരെങ്കിലും സഹകരണ രജിസ്ട്രാർക്ക് പരാതി നൽകിയിരുന്നോ;

(ബി) എങ്കിൽ ആരാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) പരാതിയിന്മേൽ സഹകരണ രജിസ്ട്രാർ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) പരാതി നൽകിയിരുന്നു.

(ബി) ശ്രീ. എ. നാസർ (കൊല്ലംവിളാകത്തു വീട്, നേമം, തിരുവനന്തപുരം) ശ്രീ. കെ. അജയകുമാർ (വസന്തവിലാസം , കാവല്ലൂർ, തിരുവനന്തപുരം) എന്നിവരാണ് പരാതി നൽകിയിരുന്നത്.

(സി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ ഇക്കാര്യത്തിൽ ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പലിശയില്ലാ വായ്പ നൽകുന്ന സഹകരണ ബാങ്കുകൾ

146 [600] ശ്രീ. ടി. എൻ. പ്രതാപൻ:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:

,, കെ. അച്ചുതൻ:

,, തമ്പാനൂർ രവി:

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലിശയില്ലാ വായ്പ നൽകുന്ന സഹകരണ ബാങ്കുകൾ സംസ്ഥാനത്ത് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് പലിശയില്ലാ വായ്പ നൽകുന്നത്;

(സി) എത്ര തുക വരെ പലിശയില്ലാ വായ്പ നൽകുന്നുണ്ട്;

(ഡി) എത്ര സഹകരണ ബാങ്കുകൾ ഇത്തരം വായ്പ നൽകി വരുന്നു;

(ഇ) വായ്പ നൽകുന്നതിനുള്ള വ്യവസ്ഥയെന്തെല്ലാം?

ഉത്തരം

(എ) പലിശയില്ലാ വായ്പ മാത്രം നൽകുന്ന ബാങ്കുകൾ സംസ്ഥാനത്ത് നിലവിലില്ല. എന്നാൽ എറണാകുളം ജില്ലാ സഹകരണ ബാങ്ക് പ്രത്യേക കേസുകളിൽ പലിശയില്ലാ വായ്പകൾ നൽകുന്നുണ്ട്.

(ബി) മാരകമായ രോഗങ്ങൾ പിടിപെട്ടവർക്ക് ടി രോഗം ചികിൽസിച്ച് ഭേദമാക്കുന്നതിലേക്കായി പലിശയില്ലാ വായ്പ എറണാകുളം ജില്ലാ ബാങ്ക് നൽകുന്നുണ്ട്. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടറൈസേഷൻ, കെട്ടിട നിർമ്മാണം, ഗോഡൗൺ നിർമ്മാണം എന്നിവയ്ക്കും ബാങ്കിന്റെ സഹകരണ ഡെവലപ്മെന്റ് ഫണ്ടിൽനിന്നും പലിശയില്ലാ വായ്പ നൽകി വരുന്നു.

(സി) മാരക രോഗങ്ങൾ പിടിപെട്ടവർക്ക് ഒരു ലക്ഷം രൂപവരെയും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഗോഡൗൺ നിർമ്മാണം, കെട്ടിട നിർമ്മാണം, കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്ക് 20 ലക്ഷം രൂപവരെയും പലിശയില്ലാ വായ്പ നൽകുന്നുണ്ട്.

(ഡി) എറണാകുളം ജില്ലാ സഹകരണ ബാങ്ക് മാത്രമേ ഇത്തരം വായ്പ നൽകി വരുന്നുള്ളൂ.

(ഇ) വ്യവസ്ഥകൾ സംബന്ധിച്ച കൂടുതൽ വിവരം ശേഖരിച്ചു നൽകുന്നതാണ്.

ബാങ്കിംഗ് റഗുലേഷൻ നിയമ ഭേദഗതി

147 [601] ശ്രീ. പി. ജയരാജൻ:

" വി. ചെന്താമരാക്ഷൻ:

" മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് റഗുലേഷൻ നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്ര ഗവൺമെന്റ് നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly